**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1545** **01-02-2024 - ൽ മറുപടിയ്ക്ക്**

**കോലഴി പഞ്ചായത്തിലെ കുറ്റൂർ വില്ലേജിൽ ഭൂമി പതിച്ചു നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോലഴി പഞ്ചായത്തിൽ കുറ്റൂർ വില്ലേജിലെ 12 പേർക്ക് പതിച്ച് നൽകുന്നതിനായി 28.05.2018-ലെ സ.ഉ. (എം.എസ്) നമ്പർ 204/18/ആർഇവി ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് കൊടുത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ കുറ്റൂർ വില്ലേജിലെ കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും പുറമ്പോക്ക് വിഭാഗത്തിൽ ബി.ടി.ആറിൽ പതിഞ്ഞിട്ടുള്ളതും റീസർവ്വെ നം. 828/6, 7, 836/2, 3, 5, 7, 8, 9, 836/10P, 837/2, 5, 860/1 പ്പെട്ടതുമായ 0.3430 ഹെക്ടർ ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ട് 1997 ന്റെ 279(2) വകുപ്പ് പ്രകാരം ടി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കി 28/05/2018 ലെ സ.ഉ. (എം.എസ്.) നം. 204/18/ആർ.ഇ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവിന്റെ പകർപ്പ് സഹിതം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. (അനുബന്ധം). ടി ഭൂമി കൈവശം വെയ്ക്കുന്ന കുറ്റൂർ വില്ലേജിൽപ്പെട്ട 12 പേർ പതിവിന് അർഹരാണെന്നും മറ്റ് ഭൂമികൾ ഇല്ലാത്തവരാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതും പ്രസ്തുത സാഹചര്യത്തിൽ ഭൂമി പുനർനിക്ഷിപ്തമാക്കി പുറപ്പെടുവിച്ച ഉത്തരവ് നോട്ടിഫൈ ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയം ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കും. |
| (ബി) | പുനർ നിക്ഷിപ്തം ചെയ്ത ഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ; | (ബി) | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ കുറ്റൂർ വില്ലേജിലെ കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും പുറമ്പോക്ക് വിഭാഗത്തിൽ ബി.ടി.ആറിൽ പതിഞ്ഞിട്ടുള്ളതും റീസർവ്വെ നം. 828/6, 7, 836/2, 3, 5, 7, 8, 9, 836/10P, 837/2, 5, 860/1 പ്പെട്ടതുമായ 0.3430 ഹെക്ടർ ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ട് 1997 ന്റെ 279(2) വകുപ്പ് പ്രകാരം ടി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കി 28/05/2018 |

| | | | |
|---|---|---|---|
| | | | ലെ സ.ഉ. (എം.എസ്.) നം. 204/18/ആർ.ഇ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവിന്റെ പകർപ്പ് സഹിതം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. (അനുബന്ധം). ടി ഭൂമി കൈവശം വെയ്ക്കുന്ന കുറ്റൂർ വില്ലേജിൽപ്പെട്ട 12 പേർ പതിവിന് അർഹരാണെന്നും മറ്റ് ഭൂമികൾ ഇല്ലാത്തവരാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതും പ്രസ്തുത സാഹചര്യത്തിൽ ഭൂമി പുനർനിക്ഷിപ്തമാക്കി പുറപ്പെടുവിച്ച ഉത്തരവ് നോട്ടിഫൈ ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയം ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കും. |
| (സി) | 28.05.2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 204/18/ആർഇവി പ്രകാരം റവന്യൂ വകുപ്പിലേയ്ക്ക് പുനർ നിക്ഷിപ്തം ചെയ്തിട്ടും ഭൂമി പതിച്ച് കൊടുക്കുന്നതിന് അർഹതയുണ്ടെന്ന ഡിസ്ട്രിക്ട് കളക്ടറുടെ ഡിഇടിഎസ്ആർ/9405/2022/ബി2 നമ്പർ ഫയലിൽ റിപ്പോർട്ട് ഉണ്ടായിട്ടും പ്രസ്തുത വ്യക്തികൾക്ക് പട്ടയം നൽകുന്നതിനായുള്ള സർക്കാർ തീരുമാനം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; മേൽ റിപ്പോർട്ടിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ കുറ്റൂർ വില്ലേജിലെ കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും പുറമ്പോക്ക് വിഭാഗത്തിൽ ബി.ടി.ആറിൽ പതിഞ്ഞിട്ടുള്ളതും റീസർവ്വെ നം. 828/6, 7, 836/2, 3, 5, 7, 8, 9, 836/10P, 837/2, 5, 860/1 പ്പെട്ടതുമായ 0.3430 ഹെക്ടർ ഭൂമി കേരള പഞ്ചായത്ത് രാജ് ആക്ട് 1997 ന്റെ 279(2) വകുപ്പ് പ്രകാരം ടി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കി 28/05/2018 ലെ സ.ഉ. (എം.എസ്.) നം. 204/18/ആർ.ഇ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവിന്റെ പകർപ്പ് സഹിതം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. (അനുബന്ധം). ടി ഭൂമി കൈവശം വെയ്ക്കുന്ന കുറ്റൂർ വില്ലേജിൽപ്പെട്ട 12 പേർ പതിവിന് അർഹരാണെന്നും മറ്റ് ഭൂമികൾ ഇല്ലാത്തവരാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതും പ്രസ്തുത സാഹചര്യത്തിൽ ഭൂമി പുനർനിക്ഷിപ്തമാക്കി പുറപ്പെടുവിച്ച ഉത്തരവ് നോട്ടിഫൈ ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയം ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ - തൃശ്ശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും പരിധിയിൽ വരുന്ന 7.9670 ഹെക്ടർ കന്നുകാലിമേച്ചിൽ സ്ഥലം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 279 (2)-ാം വകുപ്പ്/കേരള മുൻസിപ്പാലിറ്റി ആക്റ്റ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്ത് കേരള ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായി അർഹരായ കൈവശക്കാർക്ക് നിയാമാനുസൃതം പതിച്ച് നൽകുന്നതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തി - തിരുത്തൽ ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എൽ) വകുപ്പ്

**സ.ഉ.(എം.എസ്) നമ്പർ.204/2018/റവ തീയതി, തിരുവനന്തപുരം.28.05.2018**

---

പരാമർശം:-

1) ജി.ഒ (എം.എസ്) നം. 111/2011/ആർ.ഡി തീയതി 26.02.2011.
2) ജി.ഒ (എം.എസ്) നം. 490/2013/റവ തീയതി. 7.11.2013
3) 30.11.2017 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.ജെ7-8268/17 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ കോലഴി, അടാട്ട്, വടക്കാഞ്ചേരി, പുതുക്കാട്, ആളൂർ, പൊറത്തിശ്ശേരി, വെള്ളാങ്കല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും കുന്ദംകുളം നഗരസഭയിലുമുള്ള 7.9670 ഹെക്ടർ കന്നുകാലി മേച്ചിൽ സ്ഥലം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 279 (2)-ാം വകുപ്പ്/കേരള മുൻസിപ്പാലിറ്റി ആക്റ്റ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്ത് നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായി അർഹരായ കൈവശക്കാർക്ക് പതിച്ച് നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ടി ഉത്തരവിൽ സർവ്വെ നം. വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ചില പിശകുകൾ കടന്നു കൂടിയതിനെ തുടർന്ന് ആയത് തിരുത്തി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

2) എന്നാൽ പരാമർശം (2) ഉത്തരവിലും ചില തെറ്റുകൾ കടന്നുകൂടിയതിനാൽ ആയത് തിരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) കത്ത് മുഖേന അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ഭൂമിയിൽ കന്നുകാലിമേച്ചിൽ പുറമ്പോക്കുകൾ ഉൾപ്പെടുന്നില്ല. കന്നുകാലി മേച്ചിൽ പുറമ്പോക്കുകൾ നഗരസഭയിൽ നിക്ഷിപ്തമല്ലാത്ത സ്ഥിതിയ്ക്ക് പ്രസ്തുത പ്രദേശങ്ങൾ റവന്യൂ ഭൂമിയാണ്. ആകയാൽ പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള കുന്ദംകുളം നഗരസഭയിലെ പ്രദേശങ്ങൾ റവന്യൂ ഭൂമിയായി പരിഗണിച്ച് അത്തരം ഭൂമി പതിച്ചു കൊടുക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. 2014 ന ശേഷം ചാലക്കുടി താലൂക്ക് രൂപീകൃതമായിട്ടുള്ളതിനാൽ പരാമർശം (1), (2) എന്നിവയിൽ മുകുന്ദപുരം താലൂക്കിൽ ചേർത്തിരുന്ന ആളൂർ താഴെക്കാട് എന്നീ വില്ലേജുകൾ നിലവിൽ ചാലക്കുടി താലൂക്ക് പരിധിയിലാണ് വരുന്നത്. കൂടാതെ വടക്കാഞ്ചേരി പ്രദേശം ഇപ്പോൾ മുൻസിപ്പാലിറ്റി പരിധിയിൽ ആകയാൽ പരാമർശം (1) ഉത്തരവിൽ വടക്കാഞ്ചേരി പഞ്ചായത്തിലുൾപ്പെട്ടതായി പറഞ്ഞിട്ടുള്ള പ്രദേശങ്ങളും റവന്യൂ ഭൂമിയായി കണക്കാക്കാവുന്നതാണ്. ഇതേ പ്രകാരം ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റിയിൽ പൊറത്തിശ്ശേരി, മാടായിക്കോണം വില്ലേജിൽപ്പെട്ട കന്നുകാലിമേച്ചിൽ പുറമ്പോക്കുകളും റവന്യൂ ഭൂമിയായി കണക്കാക്കാവുന്നതാണ്.

4) മേൽ സാഹചര്യത്തിൽ പരാമർശം (1) (2) എന്നീ ഉത്തരവുകൾ താഴെ പറയും പ്രകാരം തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.



Generated from eOffice by VINOD KUMAR G., ASST (L3) REV, ASST (L3) REV, RD on 14/07/2022 03:09 PM

എ) തൃശ്ശൂർ താലൂക്കിൽ കറ്റൂർ വില്ലേജിൽ സർവ്വെ നം. 887/5 എന്നത് സർവ്വെ നം. 837/15 എന്ന് തിരുത്തുന്നു.

ബി) തൃശ്ശൂർ താലൂക്കിൽ അടാട്ട് ഗ്രാമപഞ്ചായത്ത് ചിറ്റിലപ്പിള്ളി വില്ലേജിൽ സർവ്വെ നം. [illegible]7/4 എന്നത് 257/11 എന്ന് തിരുത്തുന്നു.

സി) തൃശ്ശൂർ താലൂക്കിലെ അടാട്ട് ഗ്രാമപഞ്ചായത്ത് പുഴയ്ക്കൽ വില്ലേജിൽ ഉൾപ്പെട്ട സർവ്വെ നം. 560/3 എന്നത് സർവ്വെ നം. 560/8 എന്ന് തിരുത്തുന്നു.

4) തിരുത്തൽ വരുത്തിയ സ്ഥലവിവര പട്ടിക ചുവടെ ചേർക്കുന്നു.

| | റീ.സ. നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| **തൃശ്ശൂർ താലൂക്ക്** | | |
| 1) കോലഴി ഗ്രാമപഞ്ചായത്ത് | | |
| കറ്റൂർ വില്ലേജ് | 828/6,7, 836/2,3,5,7,8, 9, 836/10P, 837/2,5, 860/1 | 0.3430 |
| 2 അടാട്ട് ഗ്രാമപഞ്ചായത്ത് | | |
| അടാട്ട് വില്ലേജ് | 96/2 | 0.0577 |
| ചിറ്റിലപ്പിള്ളി വില്ലേജ് | 256/9,10,11, 12, 257/5,6,8,11, 13,14,15,20, 21, 22, 23 263/2, 3, 4 264/1, 2, 4, 5, 9, 10, 11 267/2,15, 309/10, 312/3,7 | 2.0598 |
| പുഴയ്ക്കൽ വില്ലേജ് | 287/1, 292/4, 560/8, 846/1P | 0.2530 |
| **മുകുന്ദപുരം താലൂക്ക്** | | |
| 1 പുതുക്കാട് ഗ്രാമപഞ്ചായത്ത് | | |
| തൊറവ് വില്ലേജ് | 458, 716, 717, 718, 727 | 0.1819 |
| 2 മുരിയാട് ഗ്രാമപഞ്ചായത്ത് | | |
| മുരിയാട് വില്ലേജ് | 251, 332 | 0.8093 |
| ആനന്ദപുരം വില്ലേജ് | 39, 147, 325, 672/42, 673/1, 678/1, 680/6,7, 681 | 1.0050 |
| 3 വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് | | |
| തെക്കുംകര വില്ലേജ് | 351/32, 37, 38, 358/1, 31 | 0.2303 |



Generated from eOffice by VINOD KUMAR G., ASST (L3) REV, ASST (L3) REV, RD on 14/07/2022 03:09 PM

| | ചാലക്കുടി താലൂക്ക് | | |
|---|---|---|---|
| 1 | ആളൂർ ഗ്രാമപഞ്ചായത്ത് | | |
| | ആളൂർ വില്ലേജ് | 1801/7,9, 1803/7,8, 1804, 1805/1, 1807/5 | 0.2060 |
| | താഴെക്കാട് വില്ലേജ് | 515/1, 589 | 1.3174 |

5) മുകളിൽ പറഞ്ഞ ഭേദഗതികളോടെ സൂചന (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ
അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) & സ്പെഷ്യൽ ഓഫീസർ, ലാൻഡ് ബാങ്ക്, ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
തഹസിൽദാർ, തൃശ്ശൂർ/മുകുന്ദപുരം/ചാലക്കുടി
സെക്രട്ടറി,നഗരസഭ, കുന്ദംകുളം/ഇരിങ്ങാലക്കുട/വടക്കാഞ്ചേരി
സെക്രട്ടറി, കോലഴി ഗ്രാമപഞ്ചായത്ത്/അടാട്ട് ഗ്രാമപഞ്ചായത്ത്/പുതുക്കാട് ഗ്രാമപഞ്ചായത്ത്/മുരിയാട് ഗ്രാമപഞ്ചായത്ത്/ആളൂർ ഗ്രാമപഞ്ചായത്ത്/വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് (6.7.2012-ലെ 6800/ആർ.സി4/12/തസ്വഭവ പ്രകാരം) - ഇക്കാര്യത്തിലുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി.
ധനകാര്യ (വ്യയം) വകുപ്പ് (23.02.2011 ലെ 14060/എക്സ്പെ.എ 2/11/ധന നമ്പർ കുറിപ്പ് പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Indu S.S
സെക്ഷൻ ഓഫീസർ

പകർപ്പ്: സ.ഉ (കൈ) 111/11/റവ തീർപ്പ് ഫയലിലേയ്ക്ക്



Generated from eOffice by VINOD KUMAR G., ASST (L3) REV, ASST (L3) REV, RD on 14/07/2022 03:09 PM